(ഇ) അല്ല.

പി. മുരളിയുടെ കൊലപാതകം

177 (178) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്നും ആർക്കെല്ലാം എതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കുന്നുണ്ടോ; ഗൂഢാലോചനയിൽ ഏർപ്പെട്ടവർ ആരൊക്കെയാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് കമ്പളയിൽ പി. മുരളി എന്നയാളിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 545/2014 u/s 341, 302, 506 (ii), 212 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ (1) ശരത് രാജ് @ ശരത് (2) ദിനേശ് @ ദിന, (3) വരദരാജ് @ ഭരത്, (4) മിഥുൻകുമാർ, (5) നിതിൻ രാജ് (6) കിരൺകുമാർ, (7) മഹേഷ്, (8) അജിത് കുമാർ എന്നിവർ പ്രതികളായിട്ടുള്ളതും എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ് ഇപ്പോൾ കണ്ണൂർ മേഖലാ ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്.

(ബി) മേൽപ്പറഞ്ഞ കേസ് സംബന്ധിച്ച് അമ്പത്താറോളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതും പ്രസ്തുത കൊലപാതകത്തിന്റെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട് എന്ന വിവരവും കേസിന്റെ മറ്റ് അന്വേഷണ വിവരങ്ങളും ഈ കേസിന്റെ തുടർ അന്വഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ

178 (179) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ അതിക്രമങ്ങളിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ട്, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.സി./എസ്.ടി.-ആദിവാസി വിഭാഗങ്ങളിൽപ്പെട്ട എത്ര സ്ത്രീകളും കുട്ടികളും അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റു ചെയ്തു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) എത്ര കേസ്സുകളിൽ എഫ്.ഐ.ആർ. സമർപ്പിച്ചു ; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) എത്ര കേസ്സുകളിൽ വിധി പറഞ്ഞു ; എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(എഫ്) എത്ര കേസ്സുകളിൽ പ്രതിസ്ഥാനത്ത് SC-ST-ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ജി) എത്ര കേസ്സുകളിൽ പ്രതി സ്ഥാനത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടികളിൽപെട്ടവർ ഉൾപ്പെട്ടിട്ടുണ്ട് ; ആയതിന്റെ വിശദാംശങ്ങൾ-ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ, ഏതു പാർട്ടിയിൽപ്പെട്ടവർ, കേസ്സിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുമോ ; എത്ര കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതിസ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട് ; എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽപ്പെട്ട 28 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (എ) ആയി ചേർത്തിരിക്കുന്നു.

(ബി) എസ്.സി./എസ്.റ്റി. ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 1,433 സ്ത്രീകളും 296 കുട്ടികളും അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ബി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) പ്രസ്തുത അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 1,557 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,378 പേരെഅറസ്റ്റ് ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (സി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഡി) രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളിലും എഫ്.ഐ.ആർ. സമർപ്പിച്ചു (1,657 കേസ്സുകൾ) 1,370 കേസ്സുകളിൽ അന്വേഷണം പൂർത്തിയായി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ഡി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 52 കേസ്സുകളിൽ ബഹു. കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. 5 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ഇ)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(എഫ്) 137 കേസ്സുകളിൽ പ്രതിസ്ഥാനത്ത് എസ്.സി./എസ്.റ്റി. ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (എഫ്)* ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ജി) 5 കേസ്സുകളിൽ പ്രതിസ്ഥാനത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടിയിൽപെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ, ഏതു പാർട്ടിയിൽപ്പെട്ടവർ, കേസിന്റെ സ്വഭാവം എന്നിവയുൾപ്പെടെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. 4 കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതി സ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട് (തൃശ്ശൂർ റൂറൽ -2, കോഴിക്കോട് സിറ്റി -1, കാസർഗോഡ്- 1). 2 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് (തൃശ്ശൂർ റൂറൽ -1, കാസർഗോഡ് -1).

വാഹന അപകടങ്ങൾ

179 (180) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014 ജനുവരി മുതൽ നവംബർ വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുണ്ട്; ഇതിൽ കൊല്ലപ്പെട്ടവർ എത്ര ; പരിക്കേറ്റവർ എത്ര ?

ഉത്തരം

32,230 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3,517 പേർ മരണപ്പെടുകയും, 36,398 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച കേസ്

180 (181) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 18-ന് കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം, ആർക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly